
# വൈഖരി




**ഗവർമെന്റ് വൊക്കേഷണൽ**
**ഹയർ സെക്കന്ററിസ്കൂൾ ഇടയന്നൂർ**

## ഡിജിറ്റൽ മാഗസിൻ 2020

വൈഖരി

..



ഇടയന്നൂർ
വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ
ഹൈസ്കൂൾ വിഭാഗത്തിൽ
**ലിറ്റിൽ കൈറ്റ്സ്**
യൂണിറ്റ് ആരംഭിച്ച്
ഏതാണ്ട് **രണ്ടു** വർഷം
പൂർത്തിയാവുന്ന ഈ വേളയിൽ
അതിന്റെ രണ്ടാമത്തെ സ്കൂൾ തല പ്രവർത്തനം
എന്ന നിലയിലുള്ള **ഡിജിറ്റൽ**
**മാഗസിൻ**

# വൈഖരി

നിങ്ങൾക്കു സമർപ്പിക്കുന്ന ................

# പത്രാധിപ സമിതി അംഗങ്ങൾ

**ശ്രീ .ശ്രീകുമാർ ജി (എച്.എം )**

**ശ്രീ .റിയാസ് (പി.ടി.എ.പ്രസിഡണ്ട് )**

**ശ്രീ .ഹരീന്ദ്രൻ കെ പി (സീനിയർ അസിസ്റ്റന്റ് )**

**ശ്രീ . സുധാകരൻ വി (കൈറ്റ്സ് മാസ്റ്റർ)**

**ശ്രീമതി . ബിന്ദു (കൈറ്റ്സ് മിസ്ട്രസ്)**

**ശ്രീമതി. നീതാ ക്ലവ (എസ്.ആർ .ജി.കൺവീനർ )**

**ശ്രീമതി . അംബുജം കടമ്പൂർ (വിദ്യാരംഗം )**

**ശ്രീമതി . രമണി ടീച്ചർ (വിദ്യാരംഗം )**

**ശ്രീ പി. കെ .പ്രേമരാജൻ (സ്റ്റാഫ് സെക്രട്ടറി )**

**ശ്രീ .ശംസുദ്ധീൻമാസ്റ്റർ (പി.ഇ.ടി.)**

**ശ്രീമതി.സുനീഷ കെ (ജെ.എസ് .ഐ .ടി .സി )**

**ശ്രീമതി. ശ്രീലേഖ (പി. എസ് .ഐ .ടി .സി )**

**മാസ്റ്റർ. ശിവജിത് (കൈറ്റ്സ് അംഗം )**

**അഷ്മിത (കൈറ്റ്സ് അംഗം )**

# താളുകൾ മറിക്കുമ്പോൾ


സ്കൂൾ ചരിത്ര പശ്ചാത്തലം ...ഒരു അവലോകനം .......................ശ്രീ എ .സി .നാരായണൻ മാസ്റ്റർ 9-13

LITTLE KITES പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ
ചാലകശക്തി .....................................................................ശ്രീ .വി .സുധാകരൻ മാസ്റ്റർ 14-15

ജ്ഞാനപീഠ പുരസ്കാര ചരിത്രവും മലയാള സാഹിത്യ
പുരസ്കാര ജേതാക്കളും .........................................................അംബുജം കടമ്പൂർ 16-18

NCC THE WAY OF NATION .........................................Sri.P.K.PREMARAJAN 19-20

പൊതുവിദ്യാഭ്യാസം ജനകീയ മാവുമ്പോൾ................................ ..അനീഷ് എ കെ 21-22

ഇന്ത്യൻ ഭരണ ഘടന രൂപീകരണ പശ്ചാത്തലം ........................സന്തോഷ് മെട്ടമ്മൽ 23-26

വലയസൂര്യഗ്രഹണം ................................................................നീത ക്ലവ 27-28

ചിന്തകൾ ..........................................................................രശ്മി ടി 29

പ്രകാശത്തെ തിരയുന്ന വേരുകൾ ............................................ആര്യനന്ദ 30

മഴ...................................................................................ശ്രീനന്ദ .കെ 31

അതിജീവനത്തിന്റെ നാളുകൾ ................................................ശ്രീനന്ദ .കെ 32

അപരിചിതൻ ......................................................................പദ്മപ്രിയ.ഇ .പി 33

നിഴൽ ...............................................................................അൻസില സി വി 34-36

സംസ്കൃത പൈതൃകം...............................................................പ്രമിതാ കെ 37

WHY HALLO ENGLISH.....................................................P.C .SATHEESAN 38

ഇൻക്ലൂസ്സിവ് വിദ്യാഭ്യാസം എന്ത് എങ്ങനെ.................................SHAJEE KUMAR 39-40

TIME MANAGEMENT......................................................SNEHA P 41

MAJOR DANCE FORM OF INDIA...................................SREELAKSHMI 42-43

ARABIC .........................................................................BATHULA 44-46

സംഭവബഹുലമായ സ്കൂൾ അധ്യയന വർഷം (ചിത്രങ്ങളിലൂടെ )..... ................................47-76

# ആദരാഞ്ജലികൾ




**ഷഹല ഷെറിൻ**

**മലയാളി മനസ്സുകളിൽ നിത്യനൊമ്പരമായി  അകാലത്തിൽ പൊലിഞ്ഞുപോയ പ്രിയ ഷഹലയ്ക്ക് ഗുരുനാഥൻ മാരുടേയും സഹപാഠികളുടേയും മറ്റ് എല്ലാ വിദ്യാർത്ഥികളുടേയും പ്രണാമം.**

# ആശംസകൾ

ഒ രു

ഒരു ഡിജിറ്റൽ മാഗസീൻ
എന്ന ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി
സ്കൂളിന്റെ ഉദ്യ
മത്തിന് സ്നേഹാശംസകൾ നേരുന്നു.




**ശ്രീ.കെ .രാജൻ**

കീഴല്ലൂർ ഗ്രാമപഞ്ചായത്ത്
പ്രസിഡണ്ട്

ഒരു ഡിജിറ്റൽ മാഗസീൻ
എന്ന ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി
സ്കൂളിന്റെ ഉദ്യ
മത്തിന് സ്നേഹാശംസകൾ നേരുന്നു.. ...



ശ്രീ.റിയാസ്

പി.ടി .എ പ്രസിഡണ്ട്
പ്രസിഡണ്ട്

# ആശംസകൾ.....



പൊതു വിദ്യാഭ്യാസ മേഖലയിൽ
ഐ ടി അധിഷ്ഠിത
ബോധന രീതിയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്ന
സാഹചര്യത്തിൽ
ഒരു ഡിജിറ്റൽ മാഗസിൻ
എന്ന ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഉദ്യ

മത്തിന് സ്നേഹാശംസകൾ നേരുന്നു.
ഡിജിറ്റൽ മാഗസിനിന്റെ
സൃഷ്ടികൾ നൽകിയ കുട്ടികളോടും അധ്യാ
പകരോടും മാഗസിന്
സാങ്കേതിക സഹായം നൽകിയ
ലിറ്റിൽ കൈറ്റിനും

അഭിനന്ദനങ്ങൾ.........

.G.SREEKUMAR
HM GVHSS EDAYANNUR



G.SREEKUMAR
HEADMASTER GVHSS EDAYANNUR



SCHOOL STAFF

## വൈഖരിയുടെ സ്രഷ്ടാക്കളായ LITTLE KITE TEAM








BINDU K KITE MISTRESS....SUDHAKARAN .V .KITE MASTER







SUNISHA K .JOINT SITC SREELEKHA PSITC

# ചരിത്ര പശ്ചാത്തലം :

# ഒരു അവലോകനം



കടപ്പാട്

:

ശ്രീ .എ .സി നാരായണൻ മാസ്റ്റർ

**ഇടയന്റെ ഊര് എന്നറിയപ്പെടുന്ന ഇടയന്നൂരിൽ ആദ്യമായി ഒരു വിദ്യാലയം ആരംഭിച്ചത് ശ്രീ കുട്ടിയാടാൻ രാമൻ ഗുരുക്കൽ ആണ് ധനക്കീൽ എന്ന പറമ്പിൽ ആണ് ആ വിദ്യാലയം .അദ്ദേഹം അത് മഞ്ഞക്കുന്നിൽ മൊയ്‌ദീൻ എന്നവർക്ക് കൈമാറി .അദ്ദേഹംത്തിന്റെ മരണശേഷം മകൻ കമാൽ കുട്ടി കമല്ലട മാനേജർ സ്കൂളും സ്ഥലവും കനിയാട്ട കമാൽ  എന്നവർക്ക് കൈമാറി .കട്ട ചുമരോട് കൂടിയ ഓല മേഞ്ഞ കെട്ടിടത്തിൽ ശ്രീ കോമത് കണ്ണൻ ഗുരുക്കളുടെ നേതൃത്വത്തിൽ അധ്യയനം നടത്തി വന്നു.**

**1926 ൽ പ്രസ്തുത സ്ഥാപനം ഡിസ്ട്രിക്റ്റ് ബോർഡ് ഏറ്റെടുത്ത വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച .ശ്രീ സി.എച്.കുട്ടിരാമൻനമ്പ്യാർ,ശ്രീകുഞ്ഞിരാമ മാസ്റ്റർ ,എന്നിവരായിരുന്ന മറ്റ അദ്ധ്യാപകർ. പൊളിഞ്ഞു വീഴാറായതും ചോർച്ചയുള്ളതുമായ കെട്ടിടത്തിൽ ക്ലാസുകൾ നടത്താൻ കഴിയാതെ വന്നപ്പോൾ അധ്യയനം ചാലോഡിൽ ഉണ്ടായിരുന്ന ബംഗ്ളാവ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലേക്കു ക്ക് മാറ്റി .സ്ഥാപനം നഷ്ടപ്പെടുമെന്ന ഘട്ടം വന്നപ്പോൾ നാട്ടുകാരുടെ പ്രേരണയാൽ കനിയാട്ട കമാൽ കെട്ടിടം പുതുക്കി പണിതു.വിദ്യാലയം വീണ്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി .**

**1956 ൽ പ്രസ്തുത സ്ഥാപനം ഹയർ എലിമെന്ററി സ്കൂൾ ആയി മാറി .മട്ടന്നൂരിൽ ചട്ടിയോത് എന്ന പറമ്പിൽ പ്രവർത്തിച്ചിരുന്ന ബോർഡ് എലിമെന്ററി സ്കൂളിൽ കുട്ടികളുടെ കുറവ് കാരണം അംഗീകാരം നഷ്ടപ്പെടുകയും ഈ സ്കൂളിനോട് ലയിപ്പിക്കുകയും ഉണ്ടായി .തുടർന്ന് 1957  ൽ ഗവർമെന്റ് അപ്പർ പ്രൈമറി സ്കൂൾ ആയും മാറി. സർവ്വശ്രീ പാഴായെടത് കുട്ട്യപ്പ ,ആളൊരുകുഞ്ഞിരാമൻ നമ്പ്യാർ ,എം എം രാമുണ്ണി മാസ്റ്റർ തോണ്ടാൻ കുട്ടി മാസ്റ്റർ ,കനിയാട്ട കമാൽ ,ശങ്കുണ്ണി വൈദ്യർ ,എം നാരായണൻ നമ്പ്യാർ ,ചാത്തോത് ഗോവിന്ദൻ ആമേരി നാരായണൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്കൂൾ അപ്ഗ്രേഡ് ചെയ്യാനുള്ള ശ്രമം നടന്നത് .സർവ ശ്രീഓ നാരായണൻ നമ്പ്യാർ ,ഉണ്ണിമാസ്റ്റർ ,മാധവി ടീച്ചർ ,ലീല ടീച്ചർ തുടങ്ങിയവരായിരുന്നു ആദ്യ അദ്ധ്യാപകർ .**

**1971 ൽ ശ്രീ കൊയ്യാൻ കണ്ണോത് കുഞ്ഞിരാമൻ ,ശ്രീ പി** കെ ഗോപാലൻ നമ്പ്യാർ ,എന്നിവരുടെ കൈവശം  ഉണ്ടായിരുന്ന ഒന്നര ആക്കെർ സ്ഥാലം സ്കൂളിന് വേണ്ടി



ഏറ്റെടുക്ക പ്പെട്ടു . അന്ന് പ്രഥമദ്യപകനായിരുന്ന ശ്രീ വി കെ രാഘവൻ നമ്പ്യാർ ,ശ്രീ പി ആനന്ദൻ എന്നിവരാണ്

ഇതിനു ആവശ്യമായ ശ്രമം നടത്തിയത് .1976 ൽ മാത്രമാണ് സ്ഥാപനം പത്തു മുറികളും ഓഫീസും സ്വന്തമായുള്ള ലകെട്ടിടത്തിലേക്കു മാറിയത്1971 ൽ ശ്രീ കൊയ്യാൽ കണ്ണോത് കുഞ്ഞിരാമൻ ,ശ്രീ 5 8 പി കെ ഗോപാലൻ നമ്പ്യാർ ,എന്നിവരുടെ കൈവശം ഉള്ള ഒന്നര ഏക്കർ സ്ഥലം സ്കൂളിന് വേണ്ടി ഏറ്റെടുത്തു.അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ പി കെ രാഘവൻ നമ്പ്യാർ ശ്രീ പി ആനന്ദൻ ,എന്നിവരാണ് ഇതിനു ആവശ്യമായ ശ്രമം നടത്തിയത് .1976 ൽ മാത്രമാണ് സ്ഥാപനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടത് .പത്തു ക്ലാസ് മുറികളും ഒരു ഓഫീസിൽ മുറിയും ഉൾപ്പെടുന്ന കെട്ടിടമായിരുന്നു അത് .



## വൈഖരി

1980 ൽ സർവ്വശ്രീ കെ മൊയ്ദീൻ കുട്ടി ഹാജി ,സി. എം ആയമ്മദ്കുട്ടി ,എം.രാഘവൻ മാസ്റ്റർ കെ.കുഞ്ഞിക്കണ്ണൻ എന്നിവർ ഭാരവാഹികളായ കമ്മിറ്റി ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തി. ഒരേക്കർ സ്ഥലവും നാല് ക്ലാസ്സ്മുറികൾ ഉൾപ്പെടുന്ന കെട്ടിടവും എടുത്ത് സർക്കാരിന് കൈമാറണം എന്നായിരുന്നു നിബന്ധന.നിശ്ചിത ദിവസത്തിനുള്ളിൽ സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ പണം സ്വരൂപിക്കാൻ പറ്റാതെ വന്നപ്പോൾ ഈ പ്രദേശത്തുള്ള പത്തൊൻപതു പേര് തങ്ങളുടെ കൈലുള്ള സ്വർണ വളയും ചൈനം ബാങ്കിൽ പണയം വെച്ചാണ് സ്ഥലം രജിസ്റ്റർ ചെയ്തു കടം എടുത്ത തുക പിന്നീട് കമ്മിറ്റ തിരിച്ചു കൊടുക്കുകയായിരുന്നു ആ വര വർഷംകീഴല്ലൂർ ഗ്രാമ പഞ്ചായത്തിന് ലഭിച്ച മുഴുവൻ തുകയും സ്കൂൾ കമ്മിറ്റിക്കു തന്നു കൊണ്ട്പഞ്ചായത്ത് ഭരണ സമിതി സഹായിച്ചിട്ടുണ്ട് .പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ഇ കുമാരൻ മാസ്റ്ററുടെ സഹായ സഹകരണങ്ങൾ പ്രതേകം സ്മരണീയമാണ് .ശ്രീ പി ആനന്ദൻ ,ശ്രീ കെ കെ ഭരതൻ എന്നിവരാണ് ഓഫീസ്സംബന്ധമായ കാര്യങ്ങൾക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത്,അന്ന് പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന ശ്രീ ഇ കുമാരൻ മാസ്റ്റർ ,എല്ലാവിധ സഹായങ്ങളും നൽകിയിരുന്നു.

1980 ജൂലൈ 21 ന ഹൈസ്കൂൾ ആയിക്കൊണ്ട് പ്രവർത്തനം ആരംഭിച്ചു .ശ്രീ കെ പി നാരായണൻ നമ്പ്യാർ ആണ് ഹെഡ്മാസ്റ്റർ ഇൻ ചാർജ് ആയി നിയമിക്കപ്പെട്ടതു .1983 ൽ മാത്രമാണ് ഹെഡ്മാസ്റ്റർ തസ്തിക അനുവദിച്ചത് .ശ്രീമതി പി രാജമ്മ ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് തുടർന്ന് കാലാകാലമായി മാറി മാറി വന്നിരുന്ന പല ഹെഡ്മാസ്റ്റർ മാരും ഈ സ്ഥാപനത്തിന് വേണ്ടി സ്തുത്യര്ഹമായ സേവനം അനുഷ്ഠിച്ചു കൊണ്ടാണ് ഈ വിദ്യാലയം ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത് .സർവ്വശ്രീ ജി ശാരദാമണി ,എം.ജെ ആഗ്നസ് ,എം.സി പരമേശ്വരൻ നമ്പ്യാർ ർ.ഗോപാലകൃഷ്ണൻ ,എ.എം നാരായണൻ നമ്പീശൻ ,കെ.ജി.മധുസൂദനൻ ,കോശി ഫിലിപ്പ്, പി.കെ കുഞ്ഞികൃഷ്ണൻ ,വി.പദ്മിനി ,ഡി.രാജു ,പങ്കജം കണിയാംപറമ്പിൽ ,ഡോക്ടർ സി വാസു ,കെ.ബാലകൃഷ്ണൻ കെ.സി വിജയൻ ,എ.മൂസ തുടങ്ങിയവരെ നന്ദി പൂർവം സ്മരിക്കുന്നു .ഓരോ വർഷവും കുട്ടികളുടെ എണ്ണം കൂടിക്കൂടി വരികയായിരുന്നു .ഓരോ ഘട്ടത്തിലും പി ടി എ യുടെ നേതൃത്വത്തിൽ ഓല ഷെഡ് പണിതു സ്ഥലം ഒരുക്കി .അകലങ്ങളിൽ നിന്ന് ഓലയും മുള, കവുങ്ങും കടത്തിക്കൊണ്ടുവന്ന ഷെഡ് കെട്ടി പുതക്കലിനു നേതൃത്വം നല്കലായിരുന്നു അദ്ധ്യാപകരുടെ പ്രധാന ജോലി .



1990 ൽ ദശവാര്ഷികത്തോടനുബന്ധിച്ചു പി ടി എ യുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ എൺപതിനായിരം രൂപ ചെലവിൽ ഒരു സ്റ്റേജ് നിർമ്മിക്കുകയുണ്ടായി .അന്ന് ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കെ ജി മധുസൂദന മാസ്റ്റർ ആയിരുന്നു ഇതിനു നേതൃത്വത്തെ നൽകിയത് തുടർന്ന് ഹെഡ് മാസ്റ്റർ ആയി വന്ന ശ്രീ കോശി ഫിലിപ്പിന്റെ ശ്രമഫലമായി എൻ സി സി യുടെ ഒരു യൂണിറ്റ്അനുവദിച്ചു കിട്ടി .ശ്രീ പി വി സുരേശൻ മാസ്റ്റർ ആയിരുന്നു ആദ്യത്തെ എൻ സി സി ഓഫീസർ. അന്ന് പി ടി

എ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ മുഹമ്മദ് ഹാജി സ്വന്തം ചെലവിൽ ഒരു കിണർ കുഴിച്ച് സ്കൂളിന് സംഭാവന നൽകുകയുണ്ടായി .

1994 ൽ പി ടി എ യുടെ ശ്രമഫലമായി ഇന്ദിരവികാസ് യോജന പദ്ധതിയിലൂടെ സ്വരൂപിച്ച 10 അന്പതിനാലായിരം രൂപ ഉൾപ്പെടെ 75000 രൂപ ചെലവിൽ നാല് ക്ലാസ് മുറികൾ ഉൾപ്പെട്ട കെട്ടിടത്തിന് ഓടിട്ട മേൽക്കൂര പണിതു .1996 ൽ 5000 രൂപ സർക്കാരിലേക്ക് കെട്ടിവെച്ചതിന്ടെ ഫലമായി എൽ.ബി .എസ സെന്ററിന്റെ കീഴിൽ 5 കംപ്യൂട്ടറുകൾ സ്ഥാപിച്ച് കമ്പ്യൂട്ടർ പഠനം ആരംഭിച്ചു ഈ സ്കൂളിലെ പൂർവ വിദ്യാർത്ഥി ആയിരുന്ന ശ്രീ കെ ബാലകൃഷ്ണന്ടെയും അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ കെ പി നൂറുദ്ധീൻടെയും ശ്രമഫലമായി 1996 ൽ 20 ക്ലാസ് മുറികൾ ഉൾപ്പെടുന്ന കെട്ടിടത്തിന് അനുമതി ലഭിച്ചു .പി ടി എ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ മുഹമ്മദ് ഹാജി തന്നെ നിർമാണ പ്രവർത്തി ഏറ്റെടുത്തു .കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചത് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ ഇ ടി മുഹമ്മദ് ബഷീർ ആയിരുന്നു .രണ്ടു വര്ഷം കൊണ്ട് നിർമാണം പൂർത്തിയായി .അന്ന് വിദ്യുചകതിവകുപ്പ് മന്ത്രി ആയിരുന്ന ശ്രീ പിണറായി വിജയൻ ആണ് കെട്ടിടത്തിന്റെ ഉത്ഘാടനം നിർവമഹിച്ചതു .അതോടെ ഓലപ്പുര തീരെ ഇല്ലാതായി



1997 ൽ അന്നത്തെ എം ൽ എ ആയിരുന്ന ശ്രീ കെ ടി കുഞ്ഞഹമ്മദിന്ടെയും പി ടി എ യുടെയും ശ്രമഫലമായി ഈ വിദ്യാലയം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തപ്പെട്ടു തുടക്കത്തിൽ അക്കൗണ്ടൻസി മാർക്കറ്റിങ് , മാർക്കറ്റിങ് ആൻഡ് സ്സെയിൽസ്മാൻ ഷിപ് ,എന്നി കോഴ്സുകൾ ആണ് അനുവദിച്ചത് .തുടർന്ന് കമ്പ്യൂട്ടർ ആപ്പിളിക്കേഷൻ ,മെഡിക്കൽ ലബോറട്ടറി ടെക്കനീ ഷൈൻ എന്നെ കോസ്സുകളും അനുവദിക്കപ്പെട്ട പല പരാധീനതകളും ഉണ്ടായിട്ടുണ്ട് എങ്കിലും പി ടി എ യുടെ ശ്രമഫലമായി അവയെല്ലാം പരിഹരിക്കപ്പെട്ടു .എന്നിരുന്നാലും വി എച്ച്സ് ഇ വിഭാഗം പ്രവർത്തിക്കുന്നതിന് ആവശ്യമായ കെട്ടിടത്തിന്റെ അപര്യാപ്തത ഇപ്പോഴും നില നിൽക്കുന്നു .൨൦൦൦യി പി ടി എ ൨൦ സെന്റ് സ്ഥലം വിലകൊടുത്തു വാങ്ങി



# വൈഖരി

കളിസ്ഥലത്തിനോട് ചേർത്ത് .൨൦൦൩ ഐ വ്ഹസ് ക്കു ൨ ലക്ഷം രൂപ ചെലവിൽ ഒരു വർക്ഷോപ്പ് അനുവദിച്ചു കിട്ടി .

൩൦ കംപ്യൂട്ടറുകൾ ഉള്ള ഒരു കമ്പ്യൂട്ടർ ലാബും സജീകരിക്കപ്പെട്ടു .ജില്ലാ പഞ്ചായത്ത് മെമ്പർ ആയിരുന്ന ശ്രീ ണ് പി ചന്ദ്ര ബാബാബുവിന്റെ ശ്രമഫലമായി നായ്ക്ക് ക്ലാസ് മുറികളുള്ള ഒരു കെട്ടിടം ജില്ലാ പഞ്ചായത്ത് അനുവദിക്കുകയുണ്ടായി .ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി ഒരു പാചക പുരയും നിർമ്മിക്കപ്പെട്ടു .പച്ചയത്തിലെ പ്രൈമറി അധ്യാപകർക്ക് കോഴ്സ് നൽകുന്നതിന് രണ്ടു ലക്ഷം രൂപ ചെലവിൽ സി ർ സി കെട്ടിടവും പൂർത്തിയാക്കി .

൨൦൦൫ ഇത് ഹയർ സെക്കണ്ടറി വിഭാഗം കൂടി ആരംഭിച്ചു സയൻസ് ഹ്യൂമാനിറ്റീസ് എന്നീ ബാച്ചുകളാണ് അനുവദിച്ചു കിട്ടിയത് ഹയർ സെക്കന്ററി വിഭാഗത്തിന് വേണ്ടി ശ്രീ എ പി അബ്ദുല്ല കുട്ടി എം പി യുടെ വികസന ഫണ്ടിൽ നിന്ന് ൫ ലക്ഷം രൂപ ചെലവിൽ ഇരു നില കെട്ടിടം പണി തീർത്തു. തുടർന്ന് ഹയർ സെക്കന്ററി കോംപ്ലക്സ് കെട്ടിടം അനുവദിച്ചു കിട്ടി. എങ്കിലും സഞ്ചിത പ്ലാനിൽ കെട്ടിടം നിർമ്മിക്കാൻ സ്ഥല പരിമിതി അനുവദിച്ചില്ല .പി ടി എ യുടെ ശ്രമഫലമായി ശ്രീ സി രാഘവൻ മാസ്റ്റർ ശ്രീമതി പി ഗിരിജ എന്നിവരുടെ കൈവശം

ഉണ്ടായിരുന്ന 65 സെന്റ് സ്ഥലം ജില്ലാപഞ്ചായത് വില കൊടുത്തു വാങ്ങി കെട്ടിടം നിർമിക്കുന്നതിന് 11 ആവ ശ്യമായ സ്ഥാലം നിരപ്പാക്കുന്നതിനു പി. ടി .എ. ക്കു ഒരു ലക്ഷത്തിൽ അധികം രൂപ ചെലവായി .ഒരു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ൩ നില കെട്ടിടത്തിന് ജില്ലാ പഞ്ചായത്ത് നബാർഡ് സ്ക്കിമിൽ ഉൾപ്പെടുത്തി അനുമതി നൽകിയെങ്കിലും കെട്ടിടത്തിന്റെ ഒരുനില മാത്രമേ പൂർത്തി ആയിട്ടുള്ളൂ നിർമിതി കേന്ദ്രം പണി തീർത്ത കെട്ടിടത്തിന്റെ ഉത്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന ശ്രീ എം എ ബേബി ആണ് നിർവഹിച്ചത് .കെട്ടിടത്തിന്റെ അടുത്ത ഘട്ട നിർമാണം പ്രവർത്തിക്കു എത്രയും വേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന്നു .തുടർന്ന് ചുറ്റുമതിലിന്ടെ ഒരു ഭാഗം പണി തീർത്തു .കുടിവെള്ള സംവിധാനവും ടോയ്‌ലെറ്സ് സൗകര്യവും ഒരുക്കേറ്റുണ്ട് .ഇവക്കെല്ലാം ഫണ്ട് അനുവദിച്ചത് ജില്ലാ പഞ്ചായർത്ത ആണ് .




പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ഈ വിദ്യാലയത്തിൽ ഒരു ഐ ഇ ഡി സെന്റർ പ്രവർത്തിക്കുന്നുണ്ട് .മുൻ എം ൽ എ കെ കെ ശൈലജ ടീച്ചറുടെ വികസന ഫണ്ട് ഉപയോഗിച്ച് ഒരു ബസ് അനുവദിച്ചു കിട്ടിയത്

## വൈഖരി

യാത്ര പ്രശനത്തിനു ഒരു പരിധി വരെ പരിഹാരമായി .നാഷണൽ സർവീസ് സ്ക്കിമിന്റെ പ്രവർത്തനം വളരെ നല്ല

നിലയിൽ നടക്കുന്നുണ്ട് .ബൗദ്ധിക നിലവാകാരം മെച്ചപ്പെട്ടതോടു കൂടി അക്കാദമിക് നിലവാരവും മെച്ചപ്പെട്ടു .കഴിഞ്ഞ നാല് വര്ഷമായി സ് സ് ൽ സി 100 ശതമാനമാണ് വിജയം ഹയർ സെക്കന്ററി വിഭാഗത്തിലും വി.എച് .എസ .ഇ വിഭാഗത്തിലിയും 100 തോട് അടുത്ത് നിൽക്കുന്നു ,തുടർച്ചയായി 3 വര്ഷം എഛ്.എം . ആയും തുടർന്ന് എഛ്.എസ് .എസ്.വിഭാഗം പ്രിൻസിപ്പളും ആയി പ്രവർത്തിച്ചുവന്ന ശ്രീ .വി .ധനജയാണ് മാസ്റ്ററുടെ അക്കാദമിക് രംഗത്തുള്ള പ്രവർത്തനം പ്രശംസനീയമാണ് .വിദ്യാർത്തികളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഒരു കൂട്ടായ്മ വളർത്തി എടുക്കുവാൻ അദ്യേഹത്തിനു കഴിഞ്ഞിട്ടുണ്ട് .തുടർന്ന് ഹെഡ്മിസ്ട്രസ് ആയി ഈ സ്കൂളിൽ ചാർജ് എടുത്തിരുന്ന ശ്രീമതി അംബിക ടീച്ചറുടെ കാലത്തു സ്കൂളിന്റെ അച്ചടക്ക രംഗത് കാര്യമായ ചലനങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട് .ടീച്ചർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആയി സ്ഥാലം മാറിയസ്ഥാനത് കഴിഞ്ഞ മൂന്ന് വർഷമായി ചാലോട് സ്വദേശിയും ദീർഘ കാലം ഇരിക്കൂർ സ്കൂൾ അധ്യാപികയുമായിരുന്ന ശ്രീമതി ഉഷകരിയിൽ ആ സ്ഥാനംഇപ്പോൾ അലങ്കരിക്കുന്നു .എല്ലാ കാര്യത്തിലും വളരെ സജീവമായി ഇടപെടുന്ന ടീച്ചറുടെ ഈ കാലയളവിൽ സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങളുടെ മെച്ചപ്പെടലിന്ടെ കാര്യത്തിൽ വളരേയധികം പുരോഗതി ദൃശ്യമാവുന്നുണ്ട് .ഹൈസ്കൂൾ ക്ലാസുകൾ മുഴുവനായും ഒറ്റയടിക്ക് ഹൈ ടെക് ആക്കി മാറ്റുന്നതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണ് .കമ്പ്യൂട്ടർ ലാബിൽ രണ്ടുതവണയായി 12 കംപ്യൂട്ടറുകൾ അനുവദിക്കപ്പെട്ടതും പ്രൈമറി വിഭാഗത്തിൽ ഒരു ക്ലാസ്സ്മുറി ഹൈടെക് ആയതും നമ്മുടെ സ്കൂളിന് ലിറ്റൽ കൈറ്റ് യൂണിറ്റ് അനുവദിക്കപ്പെടുന്നതും ഈ കാലയളവിലാണെന്നു എടുത്തു പറയേണ്ട വസ്തുതയാണ്.ഈ അവസരത്തിൽ തന്നെയാണ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി ശ്രീ സജീവൻ മാസ്റ്ററും സേവന മനുഷ്ഠിച്ചിരുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിന് ശ്രീ .ഷാജി രാം ,വി എച് എസ വിഭാഗത്തിന് ശ്രീ നിഷീത് സാറും നേതൃത്യം നൽകുന്നു .

**കലാകായിക രംഗങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഇവിടത്തെ വിദ്യാര്ത്തികൾക്കു കഴിഞ്ഞു ഈ വിദ്യാലയത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ നമുക്കും പങ്കാളികൾ ആവാം ഇതിന്ടെ നന്മ മാത്രമായിരിക്കണം നമ്മുടെ ലക്ഷ്യം**



## ലിറ്റിൽ കൈറ്റ്സ്

പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ചാലകശക്തി

സുധാകരൻ വി
കൈറ്റ്സ് മാസ്റ്റർ ഇടയന്നൂർ യൂണിറ്റ്



ആധുനീകവിദ്യാഭ്യാസ പ്രക്രീയ പാരമ്പരാകൃതമായി നിലനിന്നിരുന്ന ചോക്ക് ,ബോർഡ് എന്നിവയിൽ മാത്രം ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല മറിച്ച അതിനു ആധുനീക സാങ്കേതിക വിദ്യയുടെ

# വൈഖരി

കനത്ത പിൻബലം കൂടി വേണം എന്നതിന്റെ വിളംബരമായിരുന്നു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈസ്കൂൾ ,ഹയർ സെക്കന്ററി തലങ്ങളിൽ സംസ്ഥാന തലത്തിൽ നടപ്പാക്കിവരുന്ന ഹൈടെക്ക് പദ്ധതി .സംസ്ഥാനത്തു ഏതാണ്ട് എല്ലാ വിദ്ധ്യാലയങ്ങളിലും ഇത് സാർവത്രീകമായി കഴിഞ്ഞു .ഹൈടെക് വിദ്യാഭ്യാസത്തിലൂടെയും അതിനോടനുബന്ധിച്ച് "സമഗ്ര" എന്ന വിദ്യാഭ്യാസ വിഭവ പോർട്ടലിന്റെയും ആവിർഭാവത്തോടെ ക്ലാസ്സ്മുറികളിൽ "ഹൈ ടെക് "സാങ്കേതിക വിദ്യ പ്രാവർത്തിക മായി തുടങ്ങി .ഭൗതീകസാഹചര്യങ്ങൾ കൃത്യമായി ഒരുക്കിയ സ്കൂൾ ക്ലാസ്സ്മുറികളിൽ ലക്ഷക്കണക്കിന് രൂപയുടെ ഹൈടെക് ഉപകരണങ്ങളാണ് വിന്യസിച്ചിട്ടുള്ളത് .ലാപ്ടോപ്പ് ,പ്രൊജക്ടർ ,സ്പീക്കർ ,വ്യത്യസ്തതരം കേബിളുകൾ ,റിമോട്ട് ഫിഷ്പ്ലേറ്റ്,സോക്കറ്റ്,മുതലായവ ഇതിൽ പെടും.

ഇവയുടെ ക്ലാസ് തലത്തിലുള്ള പരിപാലനവും പ്രവർത്തനങ്ങളും നടത്തുന്നതിൽ മറ്റ് കുട്ടികളെ അപേക്ഷിച്ചു പ്രാവീണ്യമുള്ളവരാണ് ഓരോ ക്ലാസിലെയും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ .ഈ ക്ലാസ്സിന്റെ തുടർച്ച തുടർന്നുള്ള വർഷങ്ങളിൽ നടക്കുന്നതോടെ എല്ലാക്ലാസ്സുകളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സേവനം ലഭ്യമാവും.ലിറ്റിൽ കൈറ്റ്സൻടെ രൂപീകരണ ഘട്ടം മുതൽ അതിന്ടെ പ്രൊജക്റ്റ് സമർപ്പണം വരെയുള്ള ഘട്ടങ്ങളിലുള്ള മൊഡ്യൂൾ അനുസരിച്ചുള്ള പരിശീലനവും പ്രവർത്തനങ്ങളും കുട്ടികളിൽ ഉത്തരവാദിത്തബോധം വളർത്താനും ,അത് ഓരോ ക്ലാസ്സിലേക്കും പകർത്താനും ,അതുവഴി സ്കൂളിലേക്ക് പകർത്താനും പര്യാപ്തമാണ്.ഇത്തരം കുട്ടികൾക്ക് നൽകുന്ന പ്രത്യേക തരം പരിശീലനങ്ങൾ ആയ അനിമേഷൻ ,മലയാളം കമ്പ്യൂട്ടിങ്,ഇന്റർനെറ്റും സൈബർ സുരക്ഷയും,പൈത്തൺ ഗ്രാഫിക്സ്,റോബോട്ടിക്സ്,ഹാർഡ്‌വെയർ പരിശീലനം എന്നിവയെല്ലാം ഈ ആധുനീക യുഗത്തിൽ കുട്ടികളെ ഹൈടെക് മേഖലയിലേക്ക് കൈപിടിച്ചുയർത്താൻ സാധിക്കുന്ന ഒരു പ്രഥമ ഘട്ടമായി കാണാവുന്നതാണ്.സർവോപരി ഈ വിദ്യാർത്ഥികളാണ് ഇനി ഭാവിയിൽ സ്കൂളിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തു അത് സമൂഹത്തിൽ വിവിധ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ എത്തിക്കേണ്ടത്.അതുകൊണ്ടുതന്നെ ലിറ്റിൽ കൈറ്റ്സ് എന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ എല്ലാവിധ വിജയങ്ങൾക്കും ഉള്ള ചാലകശക്തിയാണെന്നു മാത്രമല്ല സ്കൂളിലെ അഭിഭാജ്യഘടകം കൂടിയാണ്.

# ജ്ഞാനപീഠ പുരസ്കാര ചരിത്രവും മലയാളസാഹിത്യ പുരസ്കാര ജേതാക്കളും



അംബുജം കടമ്പൂര്
എച്ച് എസ് ടി മലയാളം

ഇന്ത്യയിലെ ഉന്നതമായ സാഹിത്യ പുരസ്കാരമാണ് ജ്ഞാനപീഠം . ഭാരതീയ ജ്ഞാനപീഠം എന്നാണ് പൂർണമായ പേര് .ഗവൺമെന്റിന്റെ ഔദ്യോഗിക പുരസ്കാരമല്ലെങ്കിലും സാഹിത്യ ആക്കാദമി ഫെല്ലോഷിപ്പിനൊപ്പം നൽകുന്ന ഏറ്റവും ഉയർന്ന അംഗീകാരമാണിത്. ടൈംസ് ഓഫ് ഇന്ത്യ ഗ്രൂപ്പിന്റെ ഉടമവകാശമുള്ള സാഹുജയിന് കുടുംബം സ്ഥാപിച്ച ജ്ഞാനപീഠം ട്രസ്റ്റ് ആണ് ഈ പുരസ്കാരം നൽകിവരുന്നത് .ശാന്തിപ്രസാദ് ജയിനും സഹധർമിണി രാമജയിനും ചേർന്ന് സംസ്കൃതം, പാലി , പ്രകൃതം തുടങ്ങിയ ഭാഷകളിലുള്ള അപ്രകാശിതമായ പ്രാചീനകൃതികൾ പ്രസിദ്ധീ കരിക്കുക എന്ന ലക്ഷ്യവുമായി 1944 ഇൽ ആരംഭിച്ചതാണ് ഭാരതീയജ്ഞാനപീഠം എന്ന സ്ഥാപനം .

വാദേവതയുടെ വെങ്കലശില്പം ,പ്രശസ്തിപത്രം, പണം എന്നിവയാണ് സമ്മാനമായി നൽകുന്നത്. 1961 ലാണ് പുരസ്കാരം നൽകാനായി സമിതി രൂപീകരിക്കുന്നത്. സാഹിത്യത്തിന് ആദ്യമായി സമ്മാനം നൽകുന്നത് 1965 ലും. പാറമട രാജവംശത്തിലെ ഭോജരാജാവിന്റെ കാലത്തുനിന്നുള്ളതെന്നു (എ ഡി .1035 ) വിശ്വസിക്കപ്പെടുന്ന സരസ്വതീശില്പമാണ് ജ്ഞാനപീഠ ശില്പത്തിന് പ്രചോദനം. ഭോജരാജാവിന്റെ തലസ്ഥാനനഗരിയായിരുന്ന ധാര -നാഗരിയിൽനിന്നു (ഇന്നത്തെ മധ്യപ്രദേശിലെ ധർ) കണ്ടെത്തിയ' സരസ്വതീ -കാണ്ഡഭാരണപ്രസാദ് എന്നറിയപ്പെടുന്ന ലണ്ടനിലെ മ്യൂസിയത്തിലാണുള്ളത്. ഇതിന്റെ വെങ്കല പതിപ്പാണ് സമ്മാനമായി നൽകുന്നത്.

വിവിധ ഭാഷകളിലെ ഉപദേശകസമിതികൾ അവാർഡ് തെരഞ്ഞെടുപ്പ് ബോർഡ് മുമ്പാകെ അവരുടെ നിർദേശം സമർപ്പിക്കുകയും അതിൽ നിന്നും തെരഞ്ഞെടുക്കുന്ന കൃതിക്കാണ് അവാർഡ് നൽകിയിരുന്നത്. 20 വർഷത്തെ അടിസ്ഥാനമാക്കിയാണ് അവാർഡ് കണക്കാക്കുന്നത്. ഇന്ത്യയിലെ അംഗീകൃതഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹിത്യകൃതികളിൽ ഏറ്റവും മികച്ചതാണ് തെരഞ്ഞെടുക്കുക. ആദ്യപുരസ്കാരം ലഭിച്ചത് മലയാള ഭാഷക്കാണ്. ജി ശങ്കരക്കുറുപ്പിന്റെ' ഓടക്കുഴൽ' എന്ന കൃതിക്കാണ് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും വെങ്കലശില്പവും ലഭിച്ചത്.

1982 മുതൽ സാഹിത്യകാരന്റെ സമഗ്ര സംഭവനക്കു നൽകാമെന്ന് തീരുമാനിക്കപ്പെട്ടു. സമ്മാനത്തുകയിലും കാലാന്തരത്തിൽ വർധനവുണ്ടായി. ഹിന്ദി ഭാഷയിലാണ് ഏറ്റവും കൂടുതൽ പ്രാവശ്യം പുരസ്കാരം ലഭിച്ചത്. ഏറ്റവും കുറവ്. കശ്മീരി 'കൊങ്ങിണി ഭാഷകളിലാണ്. മലയാളത്തിൽ ജ്ഞാനപീഠം നേടിത്തന്നത് ഇതേവരെ ആറു പേരാണ്. ജി ശങ്കരക്കുറുപ്പ്, എസ കെ പൊറ്റക്കാട്, തകഴി ശിവശങ്കരപ്പിള്ള, എം ടി വാസുദേവൻ നായർ, ഓ എൻ വി കുറുപ്അക്കിത്തം അച്യുതൻ നമ്പൂതിരി എന്നിവരാണ്.



ജി ശങ്കരക്കുറുപ്പ് (1909 -1978)

കവി,കേരളസാഹിത്യഅക്കാഡമി അധ്യക്ഷൻ ,കേരളം സാഹിത്യഅക്കാദമി അംഗം ,എന്നീ പദവികൾ അലങ്കരിച്ചു. കേന്ദ്ര-കേരളം സാഹിത്യഅക്കാഡമിപുരസ്കാരങ്ങൾ ,സോവിയറ്റ് ലാന്റ് നെഹ്റുപുരസ്കാരം

എന്നിവ ലഭിച്ചിട്ടുണ്ട്. നിരവധി കവിതാസമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എറണാകുലാം സ്വദേശിയാണ്. ഓടക്കുഴൽ എന്ന കവിതാസമാഹാരത്തിനാണ് ജ്ഞാനപീഠ പുരസ്കാരം ലഭിച്ചത്. (1965 )

എസ് കെ പൊറ്റക്കാട് (1913-1982)

ചെറുകഥാകൃത്ത് ,സഞ്ചാര സാഹിത്യകാരൻ കവി,നോവലിസ്റ് എന്നീ നിലയിലും രാജ്യ സഭാംഗം എന്ന നിലയിലും പ്രവർത്തിച്ച എഴുത്തുകാരനാണ് ഇദ്ദേഹം .കേന്ദ്ര-കേരളം സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.ഒരു ദേശത്തിന്റെ കഥ എന്ന നോവലിനാണ് ജ്ഞാനപീഠം (1980 ) മലയാളത്തിന് ലഭിച്ചത്.

തകഴി ശിവശങ്കരപ്പിള്ള (1912-1999 )

ചെറു കഥകൾ ,നോവലുകൾ എന്നിവ എഴുതി കുട്ടനാടിന്റെ എഴുത്തുകാരനായി മാറിയ തകഴി ജ്ഞാനപീഠം എന്ന പുരസ്കാരം നേടിയത് 'കയർ' എന്ന ബൃഹത്തായ നോവലിനാണ്.

സാമൂഹിക പരിവർത്തനം ലഭ്യമാക്കിയുള്ള രചനാകളാണ് തകഴിയുടേത്. 'കേരളം മോപ്പസാങ്' എന്നും തകഴിയേ വിശേഷിപ്പിക്കാറുണ്ട്. ജ്ഞാനപീഠം ,കേന്ദ്ര-കേരളം സാഹിത്യ അവാർഡുകൾ ,വയലാർ അവാർഡ് എന്നിവ നേടിയിട്ടുണ്ട്. 1984 ലാണ് കഴിക്ക ജ്ഞാനപീഠ പുരസ്കാരം ലഭിക്കുന്നത്.

എം ടി വാസുദേവൻ നായർ (1933-)

ചെറു കഥാകൃത്ത് ,നോവലിസ്റ്റ് ,ചലച്ചിത്ര സംവിധായകൻ,തിരക്കഥാകൃത് എന്നീ നിലകളിൽ പ്രസിദ്ധൻ. ജ്ഞാനപീഠം ,കേരള-കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ,വയലാർ അവാർഡ് ഓടക്കുഴൽ അവാർഡ്,മാതൃഭൂമി പുരസ്കാരം,പത്മഭൂഷൺ,ഡി-ലിറ്റ് ബിരുദം എന്നിവ ലഭിച്ചിട്ടുണ്ട്.നിരവധി ചലച്ചിത്ര പുരസ്കാരങ്ങളും എം ടി യെ തേടി എത്തിയിട്ടുണ്ട്.അദ്ദേഹത്തിന്റെ സമഗ്ര സംഭവനക്കാണ് ജ്ഞാനപീഠം 1995 ഇൽ ലഭിക്കുന്നത്.

ഓ എൻ വി കുറുപ്പ് (1931-2016)

മലയാള കവിത സാഹിത്യത്തിന് കനത്ത സംഭാവന നൽകിയ കവിയാണ് ഓ എൻ വി കുറുപ്പ്.സിനിമ ഗാന രചയിതാവ് എന്ന നിലയിലും അദ്ദേഹം ശോഭിക്കുന്നുണ്ട്.കേരള-കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ,പതമശ്രീ(1998) ,പത്മവിഭൂഷൺ(2011 ),എഴുത്തച്ഛൻ പുരസ്കാരം ,സോവ്യറ് ലാൻഡ് നെഹ്റു പുരസ്കാരം ,ഓടക്കുഴൽ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹം നേടിയിട്ടുണ്ട്.അദ്ധ്യാപകനായിരുന്ന ഓ എൻ വി കേരളത്തിലെ പ്രശസ്തമായ കോളേജുകളിൽ പ്രവർത്തിച്ചിട്ടുണ്ട്.സാഹിത്യത്തിനുള്ള സമഗ്ര സംഭവനക്കാണ് ജ്ഞാനപീഠ പുരസ്കാരം 2007 ൽ ഓ എൻ വി ക്ക് ലഭിക്കുന്നത്.

അക്കിത്തം അച്യുതൻ നമ്പൂതിരി (1926-)



പാലക്കാട് കുമാരനല്ലൂർ അക്കിത്തത്ത് മനയിൽ ജനിച്ചു.കുമാരനല്ലൂർ സർക്കാർ ഹൈ സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം .ചിത്ര കലയിലും സംഗീതത്തിലുമായിരുന്ന അദ്ദേഹത്തിന്റെ ആദ്യ കല താല്പര്യങ്ങൾ.ഉണ്ണി

**വൈഖരി**

നമ്പൂതിരി മാസികയുടെ പ്രസാധകൻ,യോഗക്ഷേമം ആഴ്ചപതിപ്പ് മാസിക, എന്നിവയുടെ സഹപത്രാധിപർ എന്നീ നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്.1956 മുതൽ 1985 വരെ ആകാശവാണിയിൽ ഉദ്യോഗസ്ഥനായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം ,വ്യഞ്ജനക്കല്ലിന്റെ കഥ ,ഇടിഞ്ഞ പൊളിഞ്ഞ ലോകം ,മാനസ പൂജ ,കുതിർന്ന മണ്ണ്,അനശ്വരന്റെ ഗാനം തുടങ്ങി നാല്പതിലധികം കൃതികൾ രചിച്ചിട്ടുണ്ട്.ചെറു കഥ,ലേഖനം എന്നിവയിലും പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ,ഓടക്കുഴൽ പുരസ്കാരം,ആശാൻ പുരസ്കാരം,പത്മശ്രീ പുരസ്കാരം,പത്മ പ്രഭാ പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ അക്കിത്തം നേടിയിട്ടുണ്ട്.2019 ലെ ജ്ഞാനപീഠ പുരസ്കാരം അദ്ദേഹം മലയാള സഹൃത്തിനു നൽകിയ സമഗ്ര സംഭവനക്കുള്ളതാണ്.

എല്ലാ ജീവികളോടും ജീവ ജാലങ്ങളോടും സ്നേഹാവും കരുണയും ഉണ്ടാവണമെന്ന് മാത്രമാണ് കവിതകളിലൂടെ അക്കിത്തം പറയാൻ ശ്രമിക്കുന്നത്.സമൂഹത്തിലെ ദ്വന്ദ്വാ ത്മക വൈരുദ്ധ്യങ്ങളെ സംബോധന ചെയ്യുന്ന നവീനമായ ഒരു ഭാവുകത്വമാവിഷ്കരിച്ചുകൊണ്ടു മലയാള കവിതയിൽ ആധുനികത ചാലുകീറി കടന്നു വന്ന കവിയാണ് അക്കിത്തം. അഗാധമായ ഉൾകാഴ്ച , ദാർശനികമായ ഭാവദീപ്തി, ഇതിഹാസസമാനമായ കൃതികൾ എന്നാണ് ജ്ഞാനപീഠ സമിതി അക്കിത്തം കവിതകളെ വിലയിരുത്തിയത്. പാരമ്പര്യത്തെ സമ്പൂർണമായും വിച്ഛേദിക്കാതെ ആധുനികതയുടെ പ്രോത്സാഹകനായി എന്നാണ് അക്കിത്തത്തെ വിലയിരുത്തപ്പെട്ടത്. സർഗ്ഗമാകത യുടെ മികവ് ജ്ഞാനപീഠ പുരസ്കാരത്തിലൂടെ അംഗീകരിക്കപ്പെടുകയാണ് അക്കിത്തത്തിന്റെ കാവ്യ ജീവിതത്തിൽ .





## NCC THE WAY OF LIFE AND NATION

**P.K.PREMARAJAN NCC OFFICER**

National cadet corps(NCC)the worlds largest youth training organisation help to develop charactor and pesonality and moulding the youth of today.childrens of today are the cityzens of tomarrow.so it is the duty of the adult to shaw the right path.The past is past but it govens our present and present contains the roots of the future.This means that the youth must build their future in advance by improving the present .to do this each students should join any of the orginasition in their instituition.NCC welcomes such energetic students.

**MOTTO**

**UNITY AND DECIPLINE**

AIM To develop charactor comradeship,decipline,leadership,secular,otlook,spirit of adventure,and the ideas of selfless service amogest the youth of the country.

to create the a human resource of organised trained and motivated youth to provide leadership in all walks of life and be always available for the service of the nation.To provide the a suitable environment to motivate the youth to take up a career in the armed force.

In the present scenario the national intagration is the need of the hour.it is the area that the NCCis required to play a vital role in spreding the message of unity and harmoney .This NCC is the way of buiding the nation.the energy of the dyanamic and vibrant youth can be har nessed and chanalised towards tghe progress of our nation.Our former president Dr. A P.J Abdul kalam strongly beliefs in the power of youth as the young children of today are the future of the nation.In this time of spirit Mahathma Ghandhi the father of nations remarkable comment on decipline

is very worhful.According to him if boys and girls do not learn decipline in the school days money and time spent on their education is a national wastage .Being an indian proud of it.Let us try to fulfill the dreams of gandhiji.NCC is considered the second wimg of military.Students ar recruited as cadents in the three wings of military wiz army Navy and Air force.In high school boys and girls are known as JD and JW and his colleges they are known as senior division and senior wings respectivly.Seperate training are given to the caddet in concerned wing.ANO'S and PI staff conducting the classes and drill to the caadets.Apartfrom drill NCC conducts various type of social sevices and adventourous actvities.Tree plantaton AIDS awareness programm Anti-narcotic awareness Rally Blood donation camp road

safty awareness class cleaning and heigenic activities and trucking cycle expedition sailing expledition are some of them. Cadets are providing two years of training incliuding participation in defferent camps at state and national levels .Cadets are awarded A, B ,C grade and certificate in respect of their performance in written examination .Various types of incentives are also provided by state and central goverment to the cadets based on provisioncy and merit.Cash awards trophiees and medals by goverment of kerala are also provided timely.Academic incentives like grace mrks and grades benefits to the cadets.Certain percentage of seats are reserved to plus two, degree,and pos-graduate and professional courses .Thus NCC providesthe best benefits to the cadets.

# പൊതു വിദ്യാഭ്യാസം ജനകീയമാകുമ്പോൾ

**അനീഷ് എ കെ (HST സോഷ്യൽ സയൻസ് )**

വിദ്യാഭ്യാസം എന്നത് ഭാവിയിലേക്കുള്ള പാസ്പോർട്ട് ആണ്. ഭാവി എന്നത് ഇന്ന് അതിനുവേണ്ടി ഒരുങ്ങുന്നവർക്ക മാത്രമുള്ളതാണ്. ഒരു ശില്പി, ശിലയിൽ രൂപങ്ങൾ കണ്ടെത്തുന്നതുപോലെ ഓരോ വ്യക്തിയും അന്തേർലീനമായിരിക്കുന്ന കഴിവുകളെ പുറത്തു കൊണ്ടുവരാൻ കഴിയുന്നതാകണം വിദ്യാഭ്യാസം. അതുകൊണ്ടാണ് വിദ്യാഭ്യാസത്തിനു മറ്റേതിനേക്കാളും പ്രസക്തി കൈവരുന്നത്.

എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പൊതുവിദ്യാഭ്യാസം ഇന്ന് പല കടമ്പകളും മാറി കടന്നു ഹൈടെക്കും ജനകീയവുമായിക്കൊണ്ടിരിക്കുകയാണ്. സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ വിദ്യാഭ്യാസത്തിലൂടെ മാത്രമേ ക്ഴിയൂ . എന്ന ബോധം ഇന്നത്തെ സമൂഹത്തിനു സൃഷ്ടിക്കാൻ കഴിഞ്ഞത് തന്നെ പൊതുവിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ വിജയമായികണക്കാക്കാക്കാം .

എന്തുകൊണ്ടാണ്ഇന്ന്കുട്ടികൾ പൊതുവിദ്യാലയത്തിലേക്കു ആകര്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ? ഉത്തരം ലളിതം. സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. ക്ളാസ്സ് മുറികൾ ഹൈടെക്കാകുന്നു . ഭൗതികസാഹചര്യങ്ങൾ അതിവേഗം വികസിക്കുന്നു. അദ്ധ്യാപകപരിശീലനങ്ങളും രക്ഷകർത്തൃപരിശീലനങ്ങളും കുട്ടികൾക്കുള്ള ബോധവത്കരണവും കൃത്യമായി നടക്കുന്നു. പിന്നെ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ നാലര ലക്ഷം കുട്ടികൾ പൊതുവിദ്യാലയത്തിലേക്കു ആകര്ഷിക്കപ്പെട്ടതിൽ എ ന്തു അതിശയോക്തിയാണുള്ളതു!

പൊതു വിദ്യാഭ്യാസം ഇന്ന് ജനകീയമായിക്കൊണ്ടിരിക്കുന്നു. എല്ലാ വിദ്യാലയങ്ങളിലും ഗവണ്മെന്റിന്റേയും രക്ഷിതാക്കളുടെയും ശക്തമായ ഇടപെടലിലൂടെ പഠേന പ്രവർത്തനങ്ങൾ മികച്ചതായിട്ടുണ്ട്. തങ്ങളുടെ മക്കൾക്ക് ആവശ്യമായത് ഇവിടെ നിന്നും ലഭിക്കും എന്നരക്ഷിതാക്കളുടെ വിശ്വാസം ആർജിക്കാൻ കൊഴിഞ്ഞ തോടെ രക്ഷിതാക്കളും സമൂഹവും വിദ്യാലയങ്ങളിലേക്കു കടന്നുവന്നു ഓരോ വിദ്യാലയത്തിന്റെയും പോരായ്മകൾ പരിഹരിക്കാൻ മുന്നിട്ടിറങ്ങുന്നു.

അക്കാദമിക നിലവാരം ഉയർത്തുന്നതിനുപുറമെ മികച്ച കല കായിക പഠ്യേതര പ്രവർത്തന അനുഭവങ്ങളും ഇന്നത്തെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. അവസരങ്ങൾ എല്ലാവർക്കുമുന്നിലും തുറന്നിട്ടിരിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസസംബ്രദായമാണ് നാം ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു .

# വൈഖരി

എന്താണ് അന്താരാഷ്ട്ര നിലവാ രം ? ഈ ലോകത്തിൽ എവിടെയുമുള്ള സമപ്രായക്കാരായ കുട്ടികളോട് കിടപിടിക്കാൻ തക്കതായ അറിവും സാങ്കേതിക ജ്ഞാനവും ആത്മവിശ്വാസവും മത്സരക്ഷമതയും വളർത്തിയെടുക്കുക എന്നതാണ് ഇതിലൂടെ നാം ലക്ഷ്യമിടുന്നത്. അതിൽ നാം ഒരുപാട് മുന്നേറിയിരിക്കുന്നു. ഏ തൊരു മത്സര പരീക്ഷയെയും ആത്മവിശ്വാസത്തോടെ നേരിടാൻ ഇന്ന് നമ്മുടെ മക്കൾ പ്രാപ്തരായിരിക്കുന്നു.

എന്നാൽ മറുവശ യാഥാർഥ്യം നമ്മൾ വിസ്മരിച്ചുകൂടാ. പഠനം ഗ്രേഡ് വത്കരിക്കപ്പെട്ടുമ്പോൾ മക്കളുടെ ജീവിതമൂല്യങ്ങൾ നഷ്ടമാകുന്നുവോ? പ്രതികൂല ജീവിതസാഹചര്യങ്ങളോട് അവർ അശക്തരോ? നല്ല സു സുഹൃത്ബന്ധങ്ങളും അധ്യാപക വിദ്യാർത്ഥി ബന്ധങ്ങളും മക്കൾ രക്ഷിതാവ് ബന്ധങ്ങളും ഉലയുന്നുവോ?

ചോദ്യങ്ങൾ ഒരുപാട് ! സൗഹാര്ദങ്ങള് മൊബൈലിൽ ഒതുങ്ങുമ്പോൾ തുറന്നു പറച്ചിൽ ഇല്ലാതാകുമ്പോൾ വർധിച്ചു വരുന്ന ആത്മഹത്യാപ്രവണതകൾ തൊഴിലില്ലായ്മ പടരുമ്പോൾ ലഹരി ഉപയോഗം വ്യാപിക്കുമ്പോൾ മേൽ പറഞ്ഞ ചോദ്യങ്ങൾ വ്യക്തമാകുന്നത് ഇവിടെയാണ്.

ഇവിടെ നമുക്കെന്തു ചെയ്യാൻ കഴിയും? ഉണരണം.! ഭരണകൂടവും സമൂഹവും രക്ഷിതാക്കളും അധ്യാപകരും സർവോപരി നമ്മുടെ മക്കളും . ഇന്നത്തെ നമ്മുടെ അനുഭവങ്ങൾ നാളത്തെ ജീവിതവിജയത്തിന്റെ വഴിവിലാക്കാനെന്ന ബോധം മക്കൾക്കുണ്ടാകും എന്ന് ആശിക്കാം പ്രാർത്ഥിക്കാം .



വൈഖരി

# ഇന്ത്യൻ ഭരണഘടന - രൂപീകരണ പശ്ചാത്തലം



SANTHOSH METTAMMAL
H.S .T(S.S.)

**1946**-ലെ കാബിനെറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപവത്കരിച്ച ഭരണഘടനാ നിർമ്മാണസഭയെയായിരുന്നു (കോൺസ്റ്റിറ്റ്യുവന്റ് അസ്സംബ്ലി) ഇന്ത്യൻ ഭരണഘടന രൂപവത്കരിക്കുന്നതിനുള്ള ചുമതല ഏൽപിച്ചത്. ഈ സഭ, പതിമൂന്നു കമ്മിറ്റികൾ ചേർന്നതായിരുന്നു. ഈ സഭയിലെ അംഗങ്ങളിൽ പ്രാദേശിക നിയമസഭകളിൽ നിന്നും അവയിലെ അംഗങ്ങൾ തിരഞ്ഞെടുത്തവരും, നാട്ടുരാജ്യങ്ങളുടെയും മറ്റു പ്രദേശങ്ങളുടെയും പ്രതിനിധികളും, ഉണ്ടായിരുന്നു. ആകെ 389 അംഗങ്ങളുണ്ടായിരുന്ന സഭയുടെ അംഗത്വം പിന്നീട് ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ 299 അംഗങ്ങളായി ചുരുങ്ങി.

സഭയുടെ ഉദ്ഘാടനയോഗം **1946, ഡിസംബർ 9**-ന് ചേർന്നു.**1949, നവംബർ** 26 വരെ സഭ പ്രവർത്തിച്ചു. ഡോ.സച്ചിദാനന്ദ സിൻഹ ആയിരുന്നു സഭയുടെ അന്ന് താത്കാലിക ചെയർമാൻ. **1946 ഡിസംബർ 11**-ന് ഡോ. രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡന്റായി തെരഞ്ഞെടുത്തു.സഭയുടെ നിയമോപദേഷ്ടാവ് ശ്രീ ബി.എൻ. റാവു ആയിരുന്നു.

**29 ഓഗസ്റ്റ്, 1947-ന്** സഭ അന്നത്തെ നിയമമന്ത്രിആയിരുന്ന ഡോ.ബി.ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു കരട് (ഡ്രാഫ്റ്റിംഗ്) കമ്മിറ്റി രൂപവത്കരിച്ചു. ശ്രീ. ബി.എൻ.റാവു ആയിരുന്നു ഭരണഘടനാ ഉപദേശകൻ.

ഇന്ത്യൻ ഭരണഘടന എന്ന ദൌത്യം പൂർത്തിയാക്കാൻ കൃത്യം രണ്ടു വർഷം, പതിനൊന്ന് മാസം, പതിനെട്ട് ദിവസം വേണ്ടി വന്നു. ആകെ 165 ദിവസത്തോളം നീണ്ട ചർച്ചകൾ സഭയിൽ നടന്നു . ഇവയിൽ 114 ദിവസവും കരട് ഭരണഘടനയുടെ ചർച്ചയായിരുന്നു നടന്നത്. കരടു ഭരണഘടനയിൽ 7,635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. 2,437 ഭേദഗതികൾ തീരുമാനിക്കപ്പെട്ടു. ഭരണഘടനയുടെ ആദ്യപകർപ്പ് **1948 ഫെബ്രുവരി**യിൽ പ്രസിദ്ധീകരിച്ചു.

**1949 നവംബർ 26-**ന് ഘടകസഭ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപവത്കരിച്ച ഭരണഘടന അംഗീകരിക്കുകയും, സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും **നവംബർ 26** ന് ഇന്ത്യയിൽ നിയമ ദിനമായി ആചരിക്കുന്നത്.

ഇന്ത്യയുടെ ഭരണഘടന സഭയുടെ അംഗങ്ങൾ ഒപ്പുവക്കുന്നത് 1950 ജനുവരി 25-നാണ്. തുടർന്ന് ഭരണഘടനാ പ്രഖ്യാപനവും, ഭരണഘടന പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തത് 1950 ജനുവരി 26-നായിരുന്നു. ഇതിന്റെ ഓർമ്മക്ക് എല്ലാ വർഷവും **ജനുവരി 26** ഇന്ത്യ റിപ്പബ്ലിക്ക് ദിനമായി ആചരിക്കുന്നു.

## ഇന്ത്യൻ ഭരണഘടന - പ്രത്യേകതകൾ

- **ലോകത്തിലെ ലിഖിതമായ ഭരണഘടനകളിൽ ഏറ്റവും ദീർഘമായത്.**
- **25 ഭാഗങ്ങൾ, 452 അനുഛേദങ്ങൾ , 12 പട്ടികകൾ**
- **ഇന്ത്യയെ ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ടമായി പ്രഖ്യാപിക്കുന്നു.**
- **ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും മൗലികാവകാശങ്ങൾ ഉറപ്പ് നൽകുന്നു.**
- **ഒരു ജനാധിപത്യ പ്രതിനിധിസഭയുടെ ഭരണം രൂപവത്കരിച്ചു. ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമനിർമ്മാണസഭയിലാണ് ഭരണഘടനാ ഭേദഗതികൾ അധികാരപ്പെടുത്തിയിരിക്കുന്നത്.**
- **പരമാധികാരമുള്ള വ്യത്യസ്ത സംസ്ഥാനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചു.**
- **ഇന്ത്യയെ ഒരു മതേതര രാജ്യമായി പ്രഖ്യാപിക്കുന്നു.**
- **പ്രായപൂർത്തിയായവർക്ക് (18 വയസ്സ് തികഞ്ഞവർക്ക്) സമ്മതിദാനാവകാശം ഉറപ്പ് വരുത്തുന്നു.**
- **ഒരു സ്വതന്ത്രനീതിന്യായ വ്യവസ്തിഥി നിർമ്മിച്ചു.**

# ഇന്ത്യൻ ഭരണഘടന

# ആമുഖം

“ **നമ്മൾ, ഭാരതത്തിലെ ജനങ്ങൾ,** ഇന്ത്യയെ ഒരു **പരമാധികാര-സ്ഥിതിസമത്വ-മതനിരപേക്ഷ-ജനാധിപത്യ-റിപ്പബ്ലിക്കായി** സംവിധാനം ചെയ്യുന്നതിനും

ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ **നീതി,**

ആരാധന എന്നിവയ്ക്കുള്ള **സ്വാതന്ത്ര്യം,**

സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള **സമത്വം,**

എന്നിവ ഉറപ്പുവരുത്തുന്നതിനും

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന **ഭ്രാതൃഭാവം**

എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്

**നമ്മുടെ ഭരണഘടനാസഭയിൽവച്ച്,** 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, **ഈ ഭരണഘടനയെ ഏകദ്വാരാ അംഗീകരിക്കുകയും അധിനിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.**

**ഇന്ത്യയുടെ പരമോന്നത നിയമമായ ഭരണഘടന നിലവിൽ വന്നിട്ട് എഴുപത് വർഷം പിന്നിടുകയാണ്. ഇക്കാലമത്രയും നമ്മുടെ രാജ്യത്തിന്റെ കുതിപ്പിന് കരുത്ത് പകർന്നത് നമ്മുടെ ഭരണഘടനയുടെ കെട്ടുറപ്പാണ്. പല രാഷ്ട്രങ്ങളിലും ജനാധിപത്യവും ഭരണ സംവിധാനങ്ങളും അട്ടിമറിക്കപ്പെടുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി ഇന്ത്യ ഇന്നും തലയുയർത്തി നിൽക്കുന്നതിൽ നമ്മുടെ ഭരണഘടനയ്ക്കുള്ള പങ്ക് നിസ്സീമമാണ്. ഭരണഘടനയ്ക്ക് കോട്ടം തട്ടുന്ന പ്രശ്നങ്ങൾ രാജ്യത്ത് പലതവണ ഉടലെടുത്തപ്പോഴും അത്തരം പ്രതിസന്ധികൾളെ മറികടക്കാൻ രാജ്യത്തിന് കരുത്ത് നൽകിയത് ഭരണഘടനയാണ്. ഭാഷയിലും വേഷത്തിലും സംസ്കാരത്തിലും ആഹാരത്തിലും ആചാരത്തിലുമെല്ലാം വൈവിധ്യങ്ങൾ പിന്തുടരുന്ന രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളുടെ ആശയും അഭിലാഷവും നീതിയുടെ പ്രതീക്ഷയുമായി നമ്മുടെ ഭരണഘടന നിലകൊള്ളുന്നു. വൈവിധ്യങ്ങൾക്കിടയിലും ഒരുമിച്ച് ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുന്നത് ഭരണഘടനയാണ്.**

